27/12/21

13/12/2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**CP.1387(6)/2015/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 17102/SIC-G5/2015**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. പി.ശശിധരൻ,<br>കളപുരയ്ക്കൽ, ചുട്ടിപ്പാറ,<br>പത്തനംതിട്ട പി.ഒ.,<br>പിൻ - 689 645. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പൊന്നാനി പോലീസ് സ്റ്റേഷൻ,<br>പൊന്നാനി പി.ഒ.,<br>മലപ്പുറം. | എതിർകക്ഷി |

## അന്തിമ ഉത്തരവ്

കമ്മീഷന്റെ 21/10/2019-ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം പരാമർശിത കാലയളവിലെ പൊന്നാനി പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. രാധാകൃഷ്ണ പിള്ള. ഡി.(റിട്ട) ഹാജരാക്കിയിട്ടുള്ള വിശദീകരണം അംഗീകരിക്കാവുന്നതായി കാണുന്നു. ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വിശദമായും വ്യക്തമായും വിവരം നൽകിയിട്ടുള്ളതായി ശ്രീ. രാധാകൃഷ്ണ പിള്ള കമ്മീഷനിൽ ഹാജരാക്കിയ വിശദീകരണത്തിൽ നിന്നും വ്യക്തമാകുന്നു. മനഃപൂർവ്വമായോ ബോധപൂർവ്വമായോ വിവരം മറച്ചുവക്കുന്നതിന് ടിയാൻ ശ്രമിച്ചിട്ടുള്ളതായി കമ്മീഷൻ കാണുന്നില്ല.

കമ്മീഷൻ ഉത്തരവിലെ നിർദ്ദേശ പ്രകാരം നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പൊന്നാനി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ഒപ്പിട്ടുനൽകി തീയതിവയ്ക്കാത്ത designation സീലും പേരും വയ്ക്കാത്ത ഒരു മറുപടി കമ്മീഷനിൽ ലഭ്യമായത് പരിശോധിച്ചു. ആയത് തികച്ചും യാന്ത്രികമായ പ്രവൃത്തിയാണ് എന്ന് മനസിലാക്കാൻ പ്രയാസമില്ല. മേലിൽ ടി ഉദ്യോഗസ്ഥൻ ഇപ്രകാരമുള്ള മറുപടി നൽകി വിവരവകാശ നിയമത്തിന്റെ അന്തസത്ത കളയുന്ന പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല എന്ന് ടി ഉദ്യോഗസ്ഥനെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു.

RIGHT TO INFORMATION

sh

ഈ സാഹചര്യത്തിൽ പരാതി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ഡിസംബർ 13- ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**എച്ച്. രാജീവൻ**
വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

RIGHT TO INFORMATION

sh